LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം

54 (232) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് സെക്രട്ടറിയായി നേരിട്ട് നിയമനം ലഭിച്ചവരിൽ ജൂനിയർ സൂപ്രണ്ടായി പ്രൊമോഷൻ ലഭിക്കേണ്ട 56 ഒഴിവുകളിൽ 20 പേരുടെ പ്രൊമോഷൻ മാത്രം നടത്തി ബാക്കി 36 പേരുടെ പ്രൊമോഷനിൽ കാലതാമസം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി നിയമിക്കപ്പെടേണ്ടവരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 2006 ഫെബ്രുവരി 12-ന് അവസാനിക്കാനിരിക്കെ അങ്ങനെ പ്രൊമോട്ടു ചെയ്യപ്പെടുമ്പോഴുണ്ടാകുന്ന 56 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 20 ഒഴിവുകൾ കഴിച്ച് ബാക്കി 36 ഒഴിവുകൾ കൂടി ഈ ലിസ്റ്റിൽനിന്ന് തന്നെ നിയമിക്കുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജൂനിയർ സൂപ്രണ്ടുമാരുടെ 56 ഒഴിവുകൾ നിലവിലുണ്ടായിരുന്നു. 21 പേർക്ക് ജൂനിയർ സൂപ്രണ്ടായി പ്രൊമോഷൻ നൽകിയിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 2-2-2006-ലെ ഇ2/3949/05 നമ്പർ ഉത്തരവ് പ്രകാരം ബാക്കി 21 പേർക്ക് കൂടി പ്രൊമോഷൻ നൽകിയിട്ടുണ്ട്. 14 ഒഴിവുകൾ ഇപ്പോൾ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യുന്നവരെ റിവർട്ട് ചെയ്തപ്പോൾ ഉണ്ടായ ഒഴിവുകളാണ്. പ്രസ്തുത റിവർഷൻ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി 9-1-2006-ലെ ഡബ്ല്യു.പി.(സി)276/06 നമ്പർ കേസ്സിലെ ഇടക്കാല ഉത്തരവിൽ സ്റ്റേ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത 14 ഒഴിവുകളിൽ പ്രൊമോഷൻ നൽകാൻ കഴിയുകയില്ല.

(ബി) പ്രൊമോഷൻ നടത്തിയ 42 ഒഴിവുകളിൽ 21 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 21 എണ്ണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ

55 (234) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ നല്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നു മുതൽ, എത്ര രൂപാ ക്രമത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മെമ്പർമാർക്കും കോർപ്പറേഷൻ/മുൻസിപ്പാലിറ്റി കൗൺസിലർമാർക്കും നല്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.